പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.* 84

05.02.2020 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.എസ് രാജേന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. കാരാട്ട് റസാഖ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ വേതന കരാർ പുതുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ; | എ) തോട്ടം മേഖലയിലെ വേതന കരാറിന്റെ കാലാവധി അവസാനിച്ചതിനാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ മിനിമം വേതനം 01.01.2019 മുതൽ പ്രാബല്യം നൽകി പുതുക്കി നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. |
| ബി) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയവും കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യവും പ്രതികൂലമായി ബാധിച്ച തോട്ടം വ്യവസായത്തിന്റെ സംരക്ഷണത്തിന് പ്ലാന്റേഷൻ നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് കരട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്. |
| സി) പ്രതിസന്ധിയിലായ ഈ വ്യവസായത്തെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാരിനോട് പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ; | സി) പ്ലാന്റേഷൻ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ഡി) കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി)തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് |

സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം

1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനു വേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3) തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ട്.

4) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

9) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ്

ഓഫ് എക്കോളജിക്കലി ഫ്രൈജൽ) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കി.

10)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

11) തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

12) പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

Anishav

**സെക്ഷൻ ഓഫീസർ**